# MEA's role in enabling safe, legal, smart and stable international migration during Covid-19

September 04, 2020

---

## സുരക്ഷിതവും നിയമവിധേയവും സമർത്ഥവും സ്ഥിരവുമായ അന്തരാഷ്ട്ര പ്രവാസത്തിനായി വിദേശകാര്യ മന്ത്രാലയത്തിന്റെ പങ്ക്

സെപ്റ്റംബർ 04, 2020

കോവിഡ് -19 അന്തരാഷ്ട്ര പ്രവാസത്തിനു പ്രത്യേകമായ വെല്ലുവിളികളാണ് ഉയർത്തുന്നത്. വളരെയധികം ഇന്ത്യൻ ജോലിക്കാർക്ക് സ്വദേശത്തേക്ക് മടങ്ങേണ്ടി വന്നു എന്നാലും പലരും ഇപ്പോഴും ആതിഥേയ രാജ്യങ്ങളിൽ ജോലി ചെയ്യുന്നത് തുടരുന്നുണ്ട്.

വിദേശകാര്യമന്ത്രാലയവും അതിന്റെ പ്രവർത്തന പങ്കാളികളും സുരക്ഷിതവും നിയമവിധേയവും സമർത്ഥവും സ്ഥിരവുമായ അന്തരാഷ്ട്ര പ്രവാസത്തിനായുള്ള പരിസ്ഥിതികൾ പ്രചരിപ്പിക്കുന്നതിനും കോവിഡ്-19 ന്റെ വെല്ലുവിളികളെ നേരിടുന്നതിനും കൂട്ടായ പരിശ്രമമാണ് കാഴ്ച വയ്ക്കുന്നത്.

ഗൾഫ് പോലുള്ള ആതിഥേയ രാജ്യങ്ങളുമായുള്ള കൂടിയാലോചനയിൽ ഇന്ത്യക്കാരായ ജോലിക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഗണ്യമായ സംഭാവനകളെ ഞങ്ങളുടെ പ്രവർത്തന പങ്കാളികൾ അഭിനന്ദിക്കുകയും അവരുടെ മടങ്ങി വരവിനെ സ്വാഗതം ചെയ്യുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ ആരോഗ്യ പരിചരണം , ഡിജിറ്റൽ പ്രവർത്തനം, സാങ്കേതിക ഉദ്യോഗങ്ങൾ എന്നീ മേഖലകളിൽ ആളുകളുടെ മടങ്ങിവരവിൽ അനുകൂലമായ അവസ്ഥ ഇതിനോടകം ഉണ്ടായിട്ടുണ്ട്. വിദേശ മൈഗ്രേഷൻ പ്ലാറ്റ്ഫോമുകൾ ഇ-മൈഗ്രേറ്റുമായി ഏകോപിപ്പിക്കുന്നതും ഇന്ത്യയിലെ പ്രവാസി ഉദ്യോഗസ്ഥരുടെ സാദ്ധ്യതകൾ വർധിപ്പിക്കുന്നതാണ്.

വിദേശ അവസരങ്ങളിൽ രജിസ്റ്റർ ചെയ്ത റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രധാനപ്പെട്ട ചുമതല തിരിച്ചറിഞ്ഞുകൊണ്ട് വിദേശകാര്യാമന്ത്രാലയം RAകളുടെ ബുദ്ധിമുട്ടേറിയ സാമ്പത്തികാവസ്ഥ ലഘൂകരിക്കുന്നതിനും കോവിഡ്-19 സാഹചര്യത്തിലും വിദേശവാസം പുനരാരംഭിക്കുന്നതിനുള്ള അവരുടെ പ്രവർത്തനങ്ങൾ സൗകര്യപ്പെടുത്തുന്നതിനും ബാങ്ക് ഗ്യാരന്റിറ്റിയിൽ 50% കുറവ്, 2021 മാർച്ച് 31 വരെ ലൈൻസൻസുകളുടെ സൗജന്യ എക്സ്റ്റൻഷൻ, ഓഫിസ് സ്ഥലങ്ങൾ സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ ഇളവ് എന്നിങ്ങനെ കോവിഡ്-19 പ്രമാണിച്ചുള്ള പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ട്. ഇത്തരം നടപടികൾ പഴയതോ പുതിയതോ ആയ ലക്ഷ്യസ്ഥാങ്ങളിലേക്കുള്ള പ്രവാസികളുടെ മടക്കത്തെ ദ്രുതഗതിയിലാക്കുന്നതിനുള്ള മെച്ചപ്പെട്ട പരിസ്ഥിതി നൽകുന്നതാണ്.

സമീപകാലത്തു അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഭാവിയെ കേന്ദ്രീകരിച്ചുള്ള എമിഗ്രെഷൻ മാനേജ്മെന്റ് ബില് തയ്യാറാക്കുന്നതിനായി വിദേശകാര്യമന്ത്രാലയം സ്റെകെ ഹോൾഡർമാരുമായുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നതായിരിക്കും.

കോവിഡ് -19 പശ്ചാത്തലത്തിൽ സുരക്ഷിതവും നിയമവിധേയവും സമർത്ഥവും സ്ഥിരവുമായ വിദേശവാസമാണ് വിദേശകാര്യമന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നത്.

**ന്യൂ ഡൽഹി**
**04 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.